# Week - 2

## Weekly Devotion - February 2017

### അനുസരണവും ശ്രദ്ധയും നല്ലത് (To obey and heed better )




ഏകദേശം പന്ത്രണ്ട് വർഷം മുൻപ് വായിച്ച ഒരു കഥ മായാത്ത ചിന്തയായി ഇന്നും ഉള്ളിൽ നിറഞ്ഞ് നില്ക്കുന്നു. രാത്രിയിൽ തന്റെ മുറിയിൽ കിടന്നുറങ്ങിയ ഒരു മനുഷ്യൻ പെട്ടെന്ന് മുറിയിൽ ഒരു വെളിച്ചം കണ്ടു, മാത്രമല്ല തന്നോടു സംസാരിക്കുന്ന ഒരു ശബ്ദവും കേട്ടു. നിന്റെ വീടിന്റെ മുൻപിലുള്ള പാറയിൽ തള്ളുക എന്ന നിർദ്ദേശമായിരുന്നു ആ ശബ്ദം. ഓരോ ദിവസവും ആ പാറ ഉരുട്ടി മാറ്റണം  എന്ന ചിന്തയോടെ ആ മനുഷ്യൻ പരിശ്രമിക്കുകയും ചെയ്തു . ആ ശ്രമം നടക്കുന്നതിനിടയിൽ ഒരു ദിവസം സാത്താൻ ചില ചിന്തകളുമായി എത്തി  എടാ വിഡ്ഢീ നീ എത്ര ശ്രമിച്ചാലും ഈ പാറ മാറുകയില്ല .ഒരിക്കലും ചെയ്യുവാൻ കഴിയാത്ത കാര്യമാണ് ദൈവം നിന്നോട് ചെയ്യുവാൻ ആവശ്യപ്പെട്ടത് .

സങ്കടവും നിരാശയും ബാധിച്ചവനായി അയാൾ പ്രാർത്ഥിക്കുവാനിരുന്നു .കർത്താവേ നീ എന്തിനാണ് ഈ ജോലി എന്നെ ഏൽപ്പിച്ചത് . ഞാൻ എത്ര ശ്രമിച്ചിട്ടും ഒന്നും നടക്കുന്നില്ല .ദൈവം അവനെ വിളിച്ചത് 'മക്കളേ' എന്നാണ് .നീ ഞാൻ പറഞ്ഞത് ചെയ്താൽ മാത്രം മതി തള്ളുക എന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ അത് നീ അനുസരിക്കുകയും ചെയ്തു .ഇടയിൽ കയറി വരുന്ന മറ്റ് ശബ്ദങ്ങൾ കേട്ട് നിരാശനാകയോ, നീ പരാജയമാണെന്നോ ചിന്തിക്കരുത് . തള്ളുക എന്ന ജോലി മാത്രമേ നിനക്കുള്ളൂ , കല്ല് മാറ്റേണ്ടത് എന്റെ ജോലിയാണ്.

പ്രിയ കുഞ്ഞുങ്ങൾ അഥവാ ഇത് ശ്രവിക്കുന്നവർ ,ഇന്ന് ഇത് ഏറ്റെടുക്കുമോ? ദൈവം പറയുന്നത് അനുസരുക്കുന്നതിനു മുൻപ് മറ്റു ശബ്ദങ്ങൾ കയറിവരും എന്ന് മറക്കരുത്. ആ ശബ്ദം നമ്മെ തകർക്കുന്നതും ,നിരാശയിലാഴ്ത്തുന്നതും ആകാം . എന്നാൽ ധൈര്യത്തോടെ പറയുക, യഹോവ എന്റെ കൂടെയുണ്ട്, ഞാൻ പരാജിതനല്ല. ഞാൻ ജയിക്കും എന്ന് ദൈവം പറഞ്ഞതിനെ ശ്രദ്ധയോടെ കേട്ട് അനുസരിക്കുന്നവന്റെ വേല പൂർത്തിയാക്കുന്നത് യഹോവ അത്രെ. മർക്കോ(4:24) ൽ **'നിങ്ങൾ കേൾക്കുന്നത് എന്ത് എന്ന് സൂക്ഷിച്ചു കൊൾവീൻ'** എന്നും ലൂക്കോ:(8:18) ൽ

**‘‘ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചു കൊൾവീൻ’’** എന്നും കാണുന്നു

ഒരു നല്ലസുഹൃത്ത് (യേശു) പറയുന്നത് ശ്രദ്ധയോടെ കേട്ട് പരപ്രേരണകൂടാതെ അവന്റെ ആഗ്രഹം നിറവേറ്റുന്നതാണ് അനുസരണം . ദൈവത്തെ നാം അനുസരിക്കുമ്പോൾ മാത്രമേ ആത്മീയ ഉണർവ്വ് തമ്മിൽ ആരംഭിക്കുന്നുള്ളൂ. തുടർന്നും തകർന്നും നുറുങ്ങിയതുമായ ഹൃദയ ത്തോടെ നാം അവന്റെ സന്നിധിയിലെത്തുന്നു .അശ്രദ്ധയും അനുസരണക്കേടും കാട്ടിയിട്ട് യാഗമോ ,ത്യാഗമോ ചെയ്താലും ദൈവം മുമ്പാകെ അത് സ്വീകാര്യമല്ല . ദൈവം നാം ഓരോരുത്തരും ചെയ്യണ മെന്ന് ഉദ്ദേശിച്ചത് ചെയ്തേ മതിയാകുകയുള്ളൂ.



യിസ്രായേലിന്റെ ആദ്യ രാജാവായ ശൗലിനെ ശാമുവേൽ പ്രവാചകൻ മുഖാന്തരം ദൈവം ഒരു ദൗത്യം ഏൽപിച്ചു . അത് യഹോ വ കുറിച്ചുവച്ചതാണ് . വഴിയിൽ വച്ച് യിസ്രാ യേൽ ജനത്തെ അമാലേക്യർ ആക്രമിച്ചു. അവരെ ഉന്മൂല നാശം ചെയ്ത് യഹോവ കുറി ച്ചുവച്ച ദൗത്യം പൂർത്തിക്കരിക്കുന്ന ജോലി യാണ് ശമുവേൽ ശൗലിന് നൽകിയത് (1ശമു15 :2,3). അവരോട് കനിവ് തോന്നരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. യഹോ വയുടെ വാക്ക് ശ്രദ്ധയോടെ കേട്ടനുസരിക്കു വാൻ പുറപ്പെട്ടവൻ ഇടയിൽ കയറിവന്ന ശബ്ദം കേട്ടതിനാൽ നിസ്സാരവും ഹീനവുമാ യവയെ, നിർമ്മൂലമാക്കുകയും ,നല്ലതും മേല്ത്തരവുമായവയെ ആഗാഗിനോടൊപ്പം ജീവനോടെ സൂക്ഷിക്കുകയും ചെയ്തു (1 ശമു15:8) ശൗൽ ചെയ്ത മറ്റൊരു തെറ്റ് (എ ന്റെ അഭിപ്രായത്തിൽ ജനത്തെ എണ്ണി എന്ന താണ്. ദൈവം നമ്മെ ഏല്പിക്കുന്ന ജോലിയ്ക്ക് ആൾബലമോ, ആയുധങ്ങളുടെ ശക്തിയോ, എണ്ണമോ ആവശ്യമില്ല. അനുസരണം മാത്രം മതി. യഹോവയുടെ കല്പന അനുസരിക്കുന്നതാണ് യാഗങ്ങളെക്കാളും ശ്രേഷ്ഠമായത്. യഹോവ യുടെ വചനത്തെ തള്ളിക്കളഞ്ഞവനെ യഹോവയും തള്ളിക്കളഞ്ഞു. അനുസരിക്കാത്തവന്റെ യാഗ ത്തിൽ ദൈവം പ്രസാദിക്കുകയില്ല എന്ന് ശമുവേൽ പ്രവാചകൻ ശൗലിന് വ്യക്തമാക്കിക്കൊടുത്തു.

യഹോവ പറയുന്നത് യഥാവിധി ശ്രദ്ധയോടെ കേട്ട്, അനുസരിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം ശൗലിനെ തള്ളിക്കളഞ്ഞതുപോലെ അനുസരണക്കേട് കാട്ടിയാൽ നമ്മെയും അത് വീഴ്ച യിലേക്ക് തള്ളിയിടുമെന്ന് മറക്കരുത്. പുതിയ നിയമത്തിൽ ദൈവേഷ്ടം എന്നത് ദൈവ പുത്രനിൽ

വിശ്വസിക്കുക എന്നാണ്. ദൈവത്തെ അനുസരിച്ച് പുത്രനിൽകൂടി ദൈവം നമുക്കുതന്ന സൗജന്യ രക്ഷയിൽ നില നില്ക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കണമെന്ന് ഞങ്ങളെ പഠിപ്പിച്ച കർത്താവേ! അനുസരിക്കുന്നവനെ അനുഗ്രഹിക്കുന്ന കൃപയ്ക്കായി സ്ത്രോതം. വചനം അനുസരിക്കാതെ ഞങ്ങളെ ഇടർച്ചയിലേക്ക് തള്ളിവിടുന്ന ശബ്ദങ്ങൾ ഒഴിവാക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ,

ആമേൻ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind